മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 1-1-2006-ൽ കോഴിക്കോട്, കെ. എസ്. ആർ. ടി. സി. ബസ്സ്റ്റാന്റിൽ നിന്നും പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞ നിലയിൽ 45 കമ്മേഴ്സ്യൽ ജലാറ്റിൻ സ്റ്റിക്കുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതിനെക്കുറിച്ചുള്ള ലോക്കൽ പോലീസിന്റെ അന്വേഷണം തുടരുന്നു.

(ബി) കോഴിക്കോട് സംഭവവുമായി ബന്ധപ്പെട്ട് ക്രൈം 3/2006 എക്സ്പ്ലോസീവ്സ് ആക്ട് സെക്ഷൻ 5 പ്രകാരം കേസെടുത്ത് (നടക്കാവ് പി. എസ്.) അന്വേഷണം നടത്തി വരുന്നു.

(സി) പത്രമാധ്യമങ്ങൾ വഴി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇതുവരെയുള്ള അന്വേഷണങ്ങളിൽ പ്രസ്തുത പ്രസ്താവനയിൽ പറഞ്ഞ പ്രകാരമുള്ള വിവരങ്ങൾ ഒന്നും കിട്ടിയിട്ടില്ല.

(ഇ) സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് വഴിയും മില്ലാ സ്പെഷ്യൽ ബ്രാഞ്ചുകൾ വഴിയും മതതീവ്രവാദ സംഘടനകളുടെ പ്രവർത്തനം സംബന്ധിച്ച് നിരീക്ഷണം നടത്തിവരുന്നു.

മതതീവ്രവാദ സംഘടനകളുടെ പ്രവർത്തനം ശക്തിപ്പെടുന്നുവെന്ന രഹസ്യാന്വേഷണ ഏജൻസികളുടെ ഒരു റിപ്പോർട്ടും ലഭിച്ചിട്ടില്ല.

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്

9. [*9] ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. കെ. പി. മോഹനൻ :
,, സി. കെ. നാണു :
,, എ. സി. ഷണ്മുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ പിന്നോക്ക സമുദായ പ്രാതിനിധ്യത്തെക്കുറിച്ച് പഠിക്കാൻ ജസ്റ്റിസ് നരേന്ദ്രൻ ചെയർമാനായ കമ്മീഷനെ എന്നാണ് നിയോഗിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) എന്നാണ് കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത്;

(സി) കമ്മീഷന്റെ നിഗമനങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ നിഗമനങ്ങളുമുസരിച്ച് സംസ്ഥാന സർക്കാർ സർവ്വീസിൽ വേണ്ടത്ര പ്രാതിനിധ്യമില്ലെന്ന് കണ്ടെത്തിയിട്ടുള്ള പിന്നോക്ക ജനവിഭാഗങ്ങൾക്ക് ആ പ്രാതിനിധ്യക്കുറവ് നികത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ; എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിക്കാൻ പോകുന്ന നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മറ്റെന്തൊക്കെ നടപടികളാണ് ഇതു സംബന്ധിച്ച് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) 11-2-2000-ൽ ആണ് നിയോഗിച്ചത്.

(ബി) 9-11-2001-ൽ ആണ് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചത്.

(സി) റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(ഡി), (ഇ) ഇതുസംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള 2-2-2006-ലെ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി നൽകുന്നതിന് നടപടി

10. [*10] ശ്രീ. കെ. കെ. ഷാജു :

,, എ. എൻ. രാജൻ ബാബു :

,, ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും യുവജന, സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഏക്കർ സ്ഥലം പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് നൽകി എന്ന് വിശദമാക്കാമോ;

(ബി) ആറളം ഫാം ഉൾപ്പെടെ ഇനി എത്ര ഏക്കർ സ്ഥലമാണ് ഇവർക്ക് നൽകുവാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചുവരുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) ആദിവാസികൾക്ക് നൽകുമെന്ന് ഉറപ്പ് നൽകിയിട്ടുള്ള സ്ഥലങ്ങൾ കൈമാറുന്നതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ വിശദമാക്കുമോ?

പട്ടിക സമുദായ ക്ഷേമവും യുവജന, സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) 5902.92 ഏക്കർ.

(ബി) 23618.049 ഏക്കർ.

(സി) സുഗന്ധഗിരി, പുക്കോട്, ചീങ്ങേരി പ്രോജക്ടുകൾ വക ഭൂമി ആദിവാസികൾക്ക് വിതരണത്തിനായി ഏറ്റെടുത്തിട്ടുണ്ട്. പുനരധിവസിപ്പിക്കപ്പെട്ട കുടുംബങ്ങളുടേയും പ്രോജക്ടുകളിലെ ജീവനക്കാരുടേയും വിവിധ തരം തർക്കങ്ങൾമൂലം പ്രോജക്ടുകളിലെ ഭൂമി വിതരണത്തിന് കാലതാമസം ഉണ്ടായിട്ടുണ്ട്. വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്ന 23618.049 ഏക്കറിൽ 19002 ഏക്കർ സ്ഥലം കേന്ദ്ര സർക്കാർ വിട്ടുതരാമെന്ന് തത്വത്തിൽ സമ്മതിച്ചിട്ടുള്ള വനഭൂമിയാണ്. എന്നാൽ ഇതിന് നെറ്റ് പ്രസന്റ് വാല്യൂ നൽകണമെന്ന് നിബന്ധന ചെയ്തിട്ടുണ്ട്. ഈ നിബന്ധനയിൽ നിന്നും സംസ്ഥാന സർക്കാരിനെ ഒഴിവാക്കി കിട്ടുന്നതിന് സർക്കാർ ബഹു. സുപ്രീം

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[6-2-2006-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 9(9) ദയവായി കാണുക]

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്—സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും പിന്നാക്ക വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച പഠനം നടത്തിയ ജസ്റ്റീസ് ശ്രീ. കെ. കെ. നരേന്ദ്രൻ ചെയർമാനായുള്ള കമ്മീഷന്റെ കണ്ടെത്തലുകളെ തുടർന്ന് പിന്നാക്ക ജനവിഭാഗങ്ങളുടെ അവസരങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്

സ. ഉ. (പി) നം. 8/06/പജ.പവവിവ. തിരുവനന്തപുരം, തീയതി: 2-2-2006

പരാമർശം:— 1. 11-2-2000-ലെ എസ്. ആർ. ഒ. നമ്പർ 136/2000-ാം നമ്പർ സർക്കാർ വിജ്ഞാപനം

2. ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ കമ്മീഷൻ 9-11-2005-ൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട്

ഉത്തരവ്

1. സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയം ഭരണ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും പിന്നോക്ക വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച പഠനം നടത്തിയ ജസ്റ്റീസ് ശ്രീ. കെ. കെ. നരേന്ദ്രൻ ചെയർമാനായുള്ള കമ്മീഷന്റെ കണ്ടെത്തലുകളെതുടർന്നുള്ള നടപടികളെക്കുറിച്ച് വിശദമായ പഠനങ്ങളും കൂടുതൽ ചർച്ചകളും അനിവാര്യമാണെന്ന് സർക്കാർ കരുതുന്നു. അതിലേക്കാവശ്യമായ നടപടികൾ സർക്കാർ എടുക്കുന്നതാണ്. എന്നാൽ ഭാവിയിൽ ആർക്കും അവസരങ്ങൾ നഷ്ടപ്പെടില്ലെന്ന് ഗവൺമെന്റ് ഉറപ്പുവരുത്തുന്നതാണ്.

2. പിന്നാക്ക ജനവിഭാഗങ്ങളുടെ അവസരങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിന് എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണത്തോടെ താഴെപ്പറയുന്ന കാര്യങ്ങൾ അംഗീകരിച്ചു നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചു ഉത്തരവാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

3. പിന്നോക്ക വിഭാഗങ്ങളുടെ സംവരണ ശതമാനം പൂർണ്ണമായും ഓരോ വിഭാഗത്തിനും തുടർന്ന് ലഭിക്കും എന്ന് ഉറപ്പുവരുത്തുന്നതാണ്. ഇനിമുതൽ നിയമനങ്ങളിൽ സംവരണ സമുദായങ്ങൾക്കുള്ള നിലവിലുള്ള നിശ്ചിത ശതമാനം ഉദ്യോഗാർത്ഥികൾ ഒരു റാങ്ക് ലിസ്റ്റിൽ ഇല്ലാതെ വന്നാൽ ആ അവസരം പ്രസ്തുത സമുദായത്തിന് നഷ്ടപ്പെടാതിരിക്കുവാൻ ആവശ്യമായ നിയമന നടപടികൾ സ്വീകരിക്കും.

4. നിലവിൽ ഒരു പിന്നോക്ക സമുദായത്തിന്റെ ടേൺ ആ വിഭാഗത്തിൽപ്പെട്ടവരുടെ അഭാവത്തിൽ തൊട്ടടുത്ത സമുദായത്തിനോ അല്ലെങ്കിൽ മെറിറ്റു കാറ്റഗറിയിലേക്കോ മാറ്റുന്നത് തടയാതിരിക്കാൻ ഏതെങ്കിലും പിന്നോക്ക സമുദായക്കാരുടെടേൺ അവരുടെ അഭാവത്തിൽ വേക്കന്റായി ഒഴിച്ചിടേണ്ടതാണ്. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾ 15 (a) താഴെ പറയും പ്രകാരം ഇതിനായി ഭേദഗതി ചെയ്യുന്നതാണ്.

5. '15 (a) The Integrated cycle combining the rotation in clause (c) of Rule 14 and sub-rotation in sub rule (2) of Rule 17 shall be as specified in the annexure to this part. Notwithstanding anything contained in these rules or in the special rules or or in any other rules, if a suitable candidate is not available for selection from any particular community or group of communities specified in the annexure, such vacancy shall be kept unfilled, notified seperately as unfilled vacancy for that community or group of communities for that year and shall be filled by direct recruitment from among that community or group of communities.

6. If a suitable candiadate is not available for selection from the group of communities classified as 'Scheduled Castes' in the turn allotted for such a group in the annexure that said group shall be passed over and the post shall be filled up by a suitable candidate as 'Scheduled Castes' in the turn allotted for such a group in the annexure that said group shall be passed over and the post shall be filled up by a suitable candidate from the group of communities classified as 'Scheduled Tribes' and vice-versa (ഇതുതന്നെ ഇപ്പോൾ നിലവിലുള്ളതാണ്. ഇതിനുശേഷമുള്ള ഭാഗത്തിന് പ്രസക്തിയില്ലാത്തതുകൊണ്ട് നീക്കം ചെയ്യുന്നു.)

7. ഉപചട്ടം 'സി' ക്കും അതിനുള്ള ക്ലിപിത നിബന്ധനകൾക്കും പ്രസക്തി നഷ്ടപ്പെട്ടതിനാൽ അവ നീക്കം ചെയ്യേണ്ടതാണ്.

8. <u>കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടം 14-നുള്ള ഭേദഗതി:</u> കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടം 14-ന്റെ അവസാന ഭാഗത്ത് 14. (e) ആയി താഴെ പറയും പ്രകാരമുള്ള ഒരു ക്ലിപ്ത നിബന്ധന കൂടി ചേർക്കേണ്ടതാണ്:

LIBRARY ARCHIVES Kerala Legislative Assembly

Provided further that the public Service Commission shall publish an appointment chart showing separately the candidates eligible to be selected on open competition basis and candidates eligible to be selected on reservation turns.

(സംവരണ നിയമനങ്ങളെക്കുറിച്ച് സുതാര്യത ഉണ്ടാകുവാൻ വേണ്ടിയാണ് ഈ പുതിയ sub clause)

9. ഒരു റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലുള്ള കാലയളവ് ഒരു സെലക്ഷൻ ഇയറായി കണക്കാക്കുന്നതാണ്, ഇതിലേക്കാവശ്യമായ നിയമാനുസൃതമായ നടപടികൾ സർക്കാർ കൈക്കൊള്ളുന്നതാണ്.

10 പി. എസ്. സി. തയ്യാറാക്കുന്ന എല്ലാ റാങ്ക് ലിസ്റ്റുകളിലും സംവരണ സമുദായങ്ങൾക്കുള്ള സപ്ലിമെന്ററി ലിസ്റ്റുകളിൽ മതിയായ എണ്ണത്തിൽ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്താൻ ആവശ്യമായ നിർദ്ദേശം പി. എസ്. സി-ക്ക് നൽകും. അപേക്ഷകരിൽ നിശ്ചിത യോഗ്യതയുള്ളവർ ഉള്ള പക്ഷം ഒരു റാങ്ക് ലിസ്റ്റിലും സംവരണസമുദായ അംഗങ്ങൾ റാങ്ക് ലിസ്റ്റിൽ ഇല്ലാതെ വരുന്ന സാഹചര്യം ഉണ്ടാകാതിരിക്കുവാൻ ആവശ്യമായ റൂൾ ഭേദഗതി വരുത്തുന്നതാണ്. അതായത്, ആവശ്യത്തിന് യോഗ്യത യുള്ളവർ ഉണ്ടെങ്കിൽ അഞ്ചിരട്ടിവരെ പേരെ സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെടുത്തും.

11. പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയിലെ നിയമനാധികാരം പി. എസ്. സി.-ക്ക് വിടാൻ നടപടി സ്വീകരിക്കും.

12. ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും അംഗങ്ങളായി ഒ. ബി. സി. സംവരണം പൂർണ്ണമായും പാലിക്കുന്നത് ഉറപ്പുവരുത്തുവാൻ പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെ കാര്യത്തിൽ നിലവിലുള്ളതുപോലെ മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു ഉന്നതതല മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുന്നതാണ്.

13. ഭാവിയിലെ എല്ലാ താൽക്കാലിക നിയമനങ്ങളും സംവരണ തത്വം പാലിച്ചു കൊണ്ടു മാത്രമേ ചെയ്യുകയുള്ളുവെന്ന് ഗവൺമെന്റ് ഉറപ്പുവരുത്തുന്നതാണ്.

14. ജനസംഖ്യയും സാമൂഹ്യ പിന്നോക്കാവസ്ഥയും നിലവിലുള്ള സംവരണ സമുദായങ്ങളുടെ പ്രാതിനിധ്യവും പരിഗണിച്ച് സംവരണം പുനർ നിർണ്ണയം ചെയ്യാൻ ഇന്ദിരാ സാഹ്നി കേസിലെ സുപ്രീംകോടതി വിധിയുടെ നിർദ്ദേശം അനുസരിച്ച് സ്ഥിരം കമ്മീഷനെ നിയമിക്കുന്നതാണ്.

15. മുകളിൽ സ്വീകരിക്കുന്ന നടപടികൾ മുഖേന സംവരണ സമുദായങ്ങൾക്ക് നിയമപരമായി ഉദ്യോഗങ്ങളിൽ ലഭിക്കേണ്ട സംവരണ കാറ്റഗറിയിൽ നഷ്ടപ്പെടാതെ ലഭ്യമാകുമെന്ന് സർക്കാർ ഉറപ്പുവരുത്തുന്നു. പിന്നോക്ക സമുദായ അംഗങ്ങൾക്ക് ഇന്നുവരെ ഉണ്ടായിട്ടുള്ള സംവരണക്കുറവുകൾ പരിഹരിക്കുന്നതിനുള്ള ചർച്ചകളും മറ്റ് നടപടികളും സർക്കാർ തുടരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ പ്രത്യേകമായി പരിശോധിച്ചതിന്റെ വെളിച്ചത്തിൽ താഴെപ്പറയുന്ന തീരുമാനം കൈക്കൊള്ളുന്നു.

ഗവൺമെന്റ് കോളേജുകളിലെ 'Degree-Post Graduate' ക്ലാസ്സുകളിലെ പ്രവേശനത്തിന് പിന്നോക്ക സമുദായങ്ങൾക്ക് 20% സീറ്റ് സംവരണം ചെയ്യുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങൾക്ക് നിലവിലുള്ള 20% സംവരണം തുടരും. മുന്നാക്ക സമുദായങ്ങളിലെ ദാരിദ്ര രേഖക്ക് താഴെയുള്ളവർക്ക് 10% സീറ്റ് നീക്കിവയ്ക്കുന്നതുമാണ്. 50% സീറ്റ് മെരിറ്റ് സീറ്റായി നിലനിൽക്കുന്നതാണ്. എന്നാൽ സ്വകാര്യ കോളേജുകളിലെ അഡ്മിഷൻ Direct payment agreement പ്രകാരമായിരിക്കും നടക്കുന്നത്.

ഈ ഉത്തരവിലെ ബന്ധപ്പെട്ട ഖണ്ഡികകളിൽ അതാത് വകുപ്പുകൾ തുടർ നടപടികൾ കൈക്കൊള്ളുന്നതും ആവശ്യമായ പക്ഷം സർക്കാർ ഉത്തരവുകളും വിജ്ഞാപനങ്ങളും പുറപ്പെടുവിക്കുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
മുഹമ്മദ് റിയാസുദ്ദീൻ
ചീഫ് സെക്രട്ടറി

അനുബന്ധം III

[6-2-2006-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1 (1) ദയവായി കാണുക]

Sl. No.	*Name of Department*	*Subject*
I	**Agriculture**	1. Scheme for enhancement of Productivity of coconut 2. Control of yellowing decease of Aracanut 3. National Agricultural Insurance Scheme 4. Import of Pepper, Rubber and Cardamom 5. Animal Husbandry and Dairy Development
II	**Fisheries and ports**	**Fisheries** 1. Kerosene quota for traditional fishermen 2. Assistance to Tsunami affected Farms and Hacheries **Harbour Engineering** 1. Fishery Harbours 2. Fish Landing Centre **Ports** Taking over of IFP Slipway at Kochi

LIBRARY ARCHIVES Kerala Legislative Assembly